**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2163** **21-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ സൗജന്യ മരുന്ന് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ നൽകുന്ന സൗജന്യ മരുന്നു വിതരണത്തിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | ഇപ്രകാരമുള്ള മരുന്നു വിതരണത്തിനായി മരുന്നുകൾ ലഭ്യമാക്കിയ കമ്പനികൾക്ക് ഇനി എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 14/06/2024 തീയതിയിലെ കണക്കുകൾ പ്രകാരം 396,16,98,945/- രൂപ വിവിധ മരുന്ന് കമ്പനികൾക്ക് നൽകുവാനുണ്ട്. ആയത് കൂടാതെ 2024-25 സാമ്പത്തിക വർഷത്തിൽ 219.09 കോടി രൂപയുടെ പർച്ചേസ് ഓർഡറുകൾ വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 14.06.2024 തീയതിയിലെ കണക്കുകൾ പ്രകാരം കമ്പനികൾക്ക് നൽകുവാനുള്ള തുക 615.26 കോടിയാണ്. |
| (സി) | പുതിയ സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ തന്നെ മരുന്ന് വിതരണത്തിൽ തടസ്സങ്ങൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിശിക തുക കൊടുത്തു തീർക്കാത്തതിനാൽ പ്രമുഖ മരുന്നു കമ്പനികൾ മരുന്നു വിതരണത്തിനുള്ള ടെണ്ടറിൽ പങ്കെടുക്കാതെ വിട്ടു നിൽക്കുന്ന സാഹചര്യം ഉടലെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസത്തിൽ (ഏപ്രിൽ ആദ്യ ആഴ്ച) ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിൽ സ്റ്റോക്കെടുപ്പ് സംബന്ധിച്ച് തടസ്സം നേരിടാമായിരുന്നെങ്കിലും ആരോഗ്യ കേന്ദ്രങ്ങളിൽ മുൻകൂറായി മരുന്നുകൾ എത്തിച്ചതിനാൽ മരുന്നു വിതരണത്തിൽ തടസ്സം നേരിടുന്ന സാഹചര്യങ്ങളൊന്നും ഉണ്ടായിട്ടില്ല.<br>കുടിശിക തുക കൊടുത്തു തീർക്കാത്ത പേരിൽ മരുന്നു കമ്പനികളൊന്നും മരുന്നു വിതരണത്തിനായി ക്ഷണിച്ച ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ